(സി) കേടുവന്ന നാഷണൽ ഹൈവേ നന്നാക്കാൻ എത്ര ലക്ഷം രൂപ വേണ്ടിവരും?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഏകദേശം 350 കിലോമീറ്റർ നാഷണൽ ഹൈവേയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) മുനിസിപ്പൽ അതിർത്തിയ്ക്കകത്തുള്ള കേടുവന്ന നാഷണൽ ഹൈവേ നന്നാക്കുവാൻ കേന്ദ്ര സർക്കാരിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും സംസ്ഥാന സർക്കാർ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുനിസിപ്പൽ അതിർത്തിക്ക് പുറത്തുള്ള റോഡ് നന്നാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഒരു സംഖ്യയും അനുവദിച്ചുകിട്ടിയിട്ടില്ല.

(സി) ഏകദേശം 667 ലക്ഷം രൂപ വേണ്ടിവരും.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

* 179 [225] ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വികസിപ്പിക്കുവാനും പുതിയ പദ്ധതികൾ ആരംഭിക്കുവാനുമുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സ്റ്റേജിലിരിക്കുന്നു?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഏതായാലും പാലക്കാട് ഒരു ജില്ലാ ആഫീസ് നടപ്പ് സാമ്പത്തിക വർഷത്തിൽതന്നെ തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം എല്ലാ ജില്ലകളിലും ഓഫീസ് തുടങ്ങുന്ന കാര്യം സാവകാശമായി മാത്രമേ പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു.

(ബി) കഴിഞ്ഞ വർഷം ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കും ഗവൺമെന്റിൽനിന്നും നേരിട്ടു ശമ്പളം വാങ്ങുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. അർഹരായ എല്ലാവരെയും ഈ പദ്ധതിയിൽ ചേർക്കുന്നതിനുവേണ്ട പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പുതിയ പദ്ധതികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ജൂനിയർ ടെക്നിക്കൽ കോഴ്സിന്റെ ടെർമിനൽ കോഴ്സ്

* 180 [226] ശ്രീ. കെ.ടി. കുമാരൻ:

ഡോ: എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly